# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.478 27.09.2016 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയുടെ വികസനം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്യുന്നത് വ്യക്തമാക്കാമോ; | എ) | ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച/സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | മെഡിക്കൽ ടൂറിസം പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) | മെഡിക്കൽ ടൂറിസം എന്നതിൽ ആയുർവേദം, അലോപ്പതി, മറ്റ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ആയുർവേദ ടൂറിസം പ്രചരിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കേരള ടൂറിസത്തിന്റെ പ്രധാന ഉത്പന്നങ്ങളിലൊന്നായി ആയുർവേദത്തിനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ, ആയുർവേദ സെന്ററുകൾക്ക് ഗുണനിലവാരത്തിനനുസരിച്ച് റേറ്റിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് മെഡിക്കൽ വിഭാഗങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് സ്വകാര്യ സംരംഭകരുടെ പ്രചരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.

1. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ
2. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ നടത്തി വരുന്ന പരസ്യ കാമ്പയിൻ
3. ആഭ്യന്തര വിനോദസഞ്ചാരികൾക്ക് യാത്രാകൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാനയാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ പ്രൊമോഷൻ എന്ന പേരിൽ ഒരു ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28-08-2014-ൽ ധാരണാ പത്രം ഒപ്പു വയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദ സഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്.
4. വിസ-ഓൺ-അറൈവൽ എന്ന സംവിധാനം ഉൾപ്പെടുത്തിക്കൊണ്ട് കം റ്റു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചു. 113 രാജ്യങ്ങൾ വിസ ഓൺ അറൈവൽ എന്ന സംവിധാനത്തിൽ ഉൾപ്പെടുന്നു.
5. ഓൺ ലൈൻ മുഖേന പ്രശസ്തരായ ബ്ലോഗ്ഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും (തിരുവനന്തപുരം മുതൽ കാസറഗോഡു വരെ) സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന ബ്ലോഗ്ഗേഴ്സ് കാമ്പയിൻ എന്ന പ്രചരണ പരിപാടിയും നടപ്പിലാക്കി വരുന്നു. കഴിഞ്ഞ കാമ്പയിനുകളുടെ വിജയം കണക്കിലെടുത്ത് ഈ കാമ്പയിൻ തുടർന്നു നടത്താനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതു വഴി കേരളു ടൂറിസത്തിന്റെ വലിയ അളവിലുള്ള വിപണനം വിദേശ രാജ്യങ്ങളിൽ നടത്തി വരുന്നുണ്ട്.

- നിലവിൽ അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു, പ്രധാന നഗരങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കുന്നു. ഇവയിൽ തുടർന്നും വകുപ്പ് പങ്കെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
- ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ്ഷോകൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർ പോർട്ട് ഡിസ്പ്ലേ, ഇന്ത്യയിലെ മുംബയ് നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാന്റിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ

എന്നിവ നടത്തുന്നു. കേരളത്തിന്റെ തനതായ ഉൽപന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനായി കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.കൾ എന്നിവ നിർമ്മിക്കുകയും അവ കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. കൂടാതെ കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകളും തുടർച്ചയായി ടൂർ ഓപ്പറേറ്റർമാർക്ക് അയക്കുന്നു.

മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം എന്നിവയും, ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വീയറ്റ്നാം, മ്യാൻമർ, ഇൻഡോനേഷ്യ സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ പുതിയ പ്രചാരണ പരിപാടക്കു കീഴിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നും കിഴക്കൻ രാജ്യങ്ങളിൽ നിന്നും പുതിയ വിപണികൾ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ പരമ്പരാഗത വിപണികളിൽ നിന്ന് ട്രേഡ് ഫെയറുകളും റോഡ്ഷോകളും വഴി കൂടുതൽപേരെ ആകർഷിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തും. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു.

വർദ്ധിച്ചു വരുന്ന വിമാനസേവനങ്ങൾ ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവാസി കേരളീയർ 90 ശതമാനവും വസിക്കുന്ന മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ ആയുർവേദത്തിലും കാലവർഷത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നത്. ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കു വേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ നടത്തി വരുന്നത്. വിനോദ സഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇന്ത്യയിൽ ഓഫ് സീസൺ പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്.

ആയുർവേദം, സ്പൈസ് റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരിക മേളകൾ, സാഹസിക വിനോദസഞ്ചാരം, സൈക്ലിംഗ് തുടങ്ങി

കേരള ടൂറിസത്തിന്റെ ഉൽപന്നങ്ങളുടെ പ്രചാരണമാണ് വിസിറ്റ് കേരള പദ്ധതിപ്രകാരം സംഘടിപ്പിച്ചു വരുന്നു. ജർമനി പോലുള്ള തെരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര, ദേശീയ വിപണികളിൽ കേരള-ഹോം ഓഫ് ആയുർവേദ` പ്രചാരണ പരിപാടിയുടെ രണ്ടാംഘട്ടവും സംഘടിപ്പിക്കുന്നു.

സംസ്ഥാനത്തെ പൈതൃക വിനോദസഞ്ചാരം പ്രചരിപ്പിക്കുന്നതിനായി രാജ്യാന്തര പ്രചാരണ പരിപാടികളിൽ സ്പൈസ് റൂട്ട്, മുസ്സിരിസ് പൈതൃകങ്ങളെയും ഉൾപ്പെടുത്തും. ഉൽസവങ്ങളുടെയും പരിപാടികളുടെയും സംക്ഷിപ്ത വിവരങ്ങളടങ്ങിയ കലണ്ടർ തയ്യാറാക്കി ഇന്ത്യ ടൂറിസം ഓഫീസുകളും വിദേശങ്ങളിലെ ഇന്ത്യൻ എംബസികളും പോലുള്ള വിവിധ വഴികളിലൂടെ പ്രചാരണം നൽകും. ഓൺലൈൻ പ്രചാരണത്തിലൂടെ കേരളത്തെ വിവാഹ-മൈസ് ടൂറിസങ്ങളുടെ പ്രധാന ലക്ഷ്യസ്ഥാനമാക്കി ഉയർത്തിക്കാട്ടും. ഇതിനായി ടൂറിസം വകുപ്പ് വിവാഹസ്ഥലങ്ങളുടെ വിവരശേഖരം തയ്യാറാക്കി വരുന്നു. യുവാക്കളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്ന തിനായി ഇതോടൊപ്പം സാഹസിക, സൈക്ലിംഗ് അവധിക്കാലങ്ങളും പ്രചാരണത്തിൽ ഉൾപ്പെടുത്തും.

ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യസ്ഥാനത്തേക്കുള്ള പ്രവാഹം വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തേയും ഇവിടുത്തെ പ്രധാന ആകർഷണങ്ങളേയും ഉയർത്തിക്കാട്ടുന്ന വിഷയാധിഷ്ഠിത പ്രചാരണ പരിപാടികളും തുടങ്ങുന്നുണ്ട്. മെട്രോകളിലും സമീപ നഗരങ്ങളിലും ആഴ്ചാവസാന പ്രചാരണങ്ങളും മറ്റും സംഘടിപ്പിക്കുന്നുണ്ട്.

ഉത്തരവാദ ടൂറിസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി, പ്രാദേശിക സമൂഹങ്ങളെ വിനോദസഞ്ചാരത്തിലേക്കും അതിന്റെ സാധ്യതകളിലേക്കും ക്ഷണിക്കുകയെന്ന ലക്ഷ്യത്തോടെ `ദൈവത്തിന്റെ സ്വന്തം നാട് - ജനങ്ങളുടെ സ്വന്തം ടൂറിസം` എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്രചാരണങ്ങൾ നടത്തിവരുന്നു.

ലക്ഷ്യസ്ഥാന വികസന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ലക്ഷ്യസ്ഥാനങ്ങളിൽ വ്യവസായ നേതൃത്വ ശുചീകരണ പരിപാടികൾക്കുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കി വരുന്നു. അതോടൊപ്പം തലസ്ഥാനത്ത് ഹോപ്-ഓൺ-ഹോപ്-ഓഫ് ബസ്സ് അവതരിപ്പിക്കും.

രാജ്യാന്തര ട്രേഡ് ഫെയറുകളിലെ വ്യാപാര പങ്കാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം ആഭ്യന്തര വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന ആഭ്യന്തര വിമാനസർവ്വീസുകളിൽ ടൂർ പാക്കേജുകളും നടപ്പാക്കാൻ പദ്ധതിയുണ്ട്. കേരള ടൂറിസത്തിന്റെ വിവര ഉൽപന്ന ബ്രോഷറുകൾ നവീകരിക്കാനുള്ള പ്രയത്നവും വിസിറ്റ് കേരള 2016 വഴി ലക്ഷ്യമിടുന്നു.